I ഇ.ബി. XIII – കേരള നിയമസഭ/II-12

**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നിയമസഭാ നടപടികൾ**

**സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2011 ഒക്ടോബർ 14, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**അടിയന്തരപ്രമേയം**

**പോലീസ് മർദ്ദനം**

മി. സ്പീക്കർ: തൃശ്ശൂർ ജില്ലയിൽ അതിരപ്പിള്ളി പഞ്ചായത്തിലെ അമ്പല പ്പാറ ആദിവാസി കോളനിയിലെ പാറു എന്ന ആദിവാസി സ്ത്രീക്ക് മലക്കപ്പാറ പോലീസ് സ്റ്റേഷനിൽ മർദ്ദനമേറ്റതിനെത്തുടർന്നുളവായി ട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ബി.ഡി. ദേവസ്സി, വി.എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 05-10-2011-ന് മലക്കപ്പാറ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ഷോളയാർ ഗിരിജൻ കോളനിയിൽ താമസി ക്കുന്ന പാറു എന്ന സ്ത്രീയുടെ മൊബൈൽ ഫോണും രൂപയും അവരുടെ

ബന്ധു സുബീഷ് എടുത്തത് തിരികെ ലഭിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും 11-10-2011-ന് രാവിലെ പത്ത് മണിയോടെ ഇരുവരും പോലീസ് സ്റ്റേഷനിൽ ഹാജരാവുകയും മൊബൈൽ ഫോൺ തിരികെ എൽപ്പിക്കുകയും, രൂപ 20-10-2011-ന് മുമ്പ് തിരികെ ഏൽപ്പിക്കാമെന്ന് പ്രതി സമ്മതിക്കുകയും ചെയ്തു. പെറ്റീഷൻ തീർപ്പാക്കുന്ന സമയത്ത് സുബീഷ് പാറുവിനെക്കുറിച്ച് പരാതി പറയുകയും ഇതിന് മറുപടിയായി പാറു സുബീഷിനെക്കുറിച്ചും പോലീസിനെക്കുറിച്ചും വളരെ മോശമായി സംസാരിക്കുകയുമുണ്ടായി. ഇതിൽ ക്ഷുഭിതനായ ഗ്രേഡ് എ.എസ്.ഐ. ജോയി ചൂരൽ ഉപയോഗിച്ച് പാറുവിന്റെ കാലിൽ മർദ്ദിക്കുകയും അടുത്ത ദിവസം ചാലക്കുടി താലൂക്കാശുപത്രിയിൽ ശ്രീമതി പാറു അഡ്മിറ്റായ വിവരം ലഭിച്ചതിനെത്തുടർന്ന് ഡിവൈ.എസ്.പി. അവരുടെ മൊഴിയെടുക്കുകയും മലക്കപ്പാറ പോലീസ് സ്റ്റേഷനിൽ എസ്.സി./എസ്.ടി. പീഡനമുൾപ്പെടെയുള്ള സെക്ഷനുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ബന്ധപ്പെട്ട എ.എസ്.ഐ.-യെ സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കേസന്വേഷണം ചാലക്കുടി ഡിവൈ.എസ്.പി.യെ ഏൽപ്പിക്കുകയും ശക്തമായ അന്വേഷണം നടന്നു വരികയുമാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

ശ്രീ. ബി.ഡി. ദേവസ്സി: ഷോളയാർ അമ്പലപ്പാറ ആദിവാസി കോളനിയിലെ വിധവയും വൃദ്ധയുമായ പാറു എന്ന ആദിവാസി സ്ത്രീയെ കേസന്വേഷണത്തിന്റെ ഭാഗമായി മലക്കപ്പാറ പോലീസ് സ്റ്റേഷനിൽ വിളിച്ചു വരുത്തി മർദ്ദിച്ച് അവശയാക്കുകയും അവർ ബോധരഹിതയായി വീഴുകയും

ചെയ്ത ഗുരുതരമായ സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. മുഖ്യമന്ത്രി പറഞ്ഞത് വസ്തുതകൾക്ക് വിരുദ്ധമാണ്. രണ്ടാഴ്ച മുമ്പ് തിമിര ശസ്ത്ര ക്രിയയ്ക്ക് വിധേയയായ പാറുവിന് മർദ്ദനമേറ്റതിനെത്തുടർന്ന് കാഴ്ചശക്തി നഷ്ടപ്പെട്ടു. ചാലക്കുടി ഗവൺമെന്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്ന അവർക്ക് വിദഗ്ദ്ധ ചികിത്സ ഉറപ്പാക്കണം. എ.എസ്.ഐ. ഇത്രയും ക്രൂരമായ മർദ്ദനം നടത്തിയ അവസരത്തിൽ മറ്റ് പോലീസുകാർ എന്ത് ചെയ്യുകയായിരുന്നുവെന്ന് അന്വേഷിക്കണം. ഇതിനെതിരെ ശക്തമായ നടപടിയുണ്ടാവുകയും ഇത്തരം പോലീസുകാരെ സർവ്വീസിൽനിന്ന് പിരിച്ചുവിടുകയും ചെയ്യണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഈ സംഭവത്തിൽ എസ്.സി/എസ്.ടി. പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. കുറ്റംചെയ്തവർ രക്ഷപ്പെടരുതെന്നുള്ള സമീപനം തന്നെയാണ് ഗവൺമെന്റിനുള്ളത്. എ.എസ്.ഐ. ചെയ്തത് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് അദ്ദേഹത്തെ സസ്പെന്റ് ചെയ്തത്. മർദ്ദനമേറ്റ ശ്രീമതി പാറു ഡോക്ടറോട് പറഞ്ഞത് കണ്ടാലറിയാവുന്ന പോലീസുകാരൻ രണ്ട് കാൽപാദങ്ങളിലും ചൂരൽകൊണ്ട് രണ്ടുതവണ അടിച്ചു എന്നാണ്. കാൽപാദങ്ങളിൽ മാത്രമേ മുറിവുണ്ടായിട്ടുള്ളൂ എന്നാണ് ഡോക്ടർ സർട്ടിഫിക്കറ്റ് തന്നിരിക്കുന്നത്. പ്രസ്തുത സംഭവം സംബന്ധിച്ച് നിയമപരമായി സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. തുടർന്നും അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. എ. അസീസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു)

**ശ്രദ്ധക്ഷണിക്കൽ**

(1) **കുടിവെള്ള ക്ഷാമം**

ശ്രീമതി ജമീലാ പ്രകാശം: സംസ്ഥാനത്തിന്റെ തെക്കൻ തീരപ്രദേശങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം. ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാകാത്തതിനാൽ ജനജീവിതം ദു:സഹമാവുകയും മാരകമായ രോഗങ്ങളും പകർച്ച വ്യാധികളും പടർന്നുപിടിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണുള്ളത്. തീരദേശങ്ങളിൽ വെള്ളം ശുദ്ധീകരി ക്കാതെയാണ് വിതരണം ചെയ്യുന്നത് . വിഴിഞ്ഞം മേഖലയിൽ ഒരു കുടം വെള്ളത്തിന് 3 രൂപ മുതൽ 5 രൂപ വരെ ഈടാക്കുന്നുണ്ട്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ 2011 ജൂലൈ 22-ാം തീയതി തിരുവനന്തപുരത്ത് ഒരു യോഗം സംഘടിപ്പിച്ചെങ്കിലും ആ യോഗത്തിലെടുത്ത പല തീരുമാനങ്ങളും പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. വെള്ളായണി കായലിലെ വെള്ളം ശുദ്ധീകരിച്ച് വെങ്ങാനൂർ, കല്ലിയൂർ, വിഴിഞ്ഞം, കോവളം പ്രദേശങ്ങളിലെത്തിക്കാനുള്ള സമഗ്ര ശുദ്ധജല വിതരണപദ്ധതി നബാർഡ് സഹായത്തോടുകൂടി നടപ്പിലാക്കണം. കുമിളി പദ്ധതി വിപുലീകരിച്ച് കാഞ്ഞിരംകുളം, പൂവാർ പഞ്ചായത്തുകളിലെ ശുദ്ധ

ജലക്ഷാമം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പഴക്കം ചെന്നതും കേടുവന്നതുമായ പമ്പുസെറ്റുകളും മോട്ടോറുകളും മാറ്റി സ്ഥാപിക്കുന്നതോടൊപ്പം അവ സപ്ലൈ ചെയ്യുന്ന കമ്പനികൾതന്നെ സർവ്വീസ് നടത്തണമെന്ന നിബന്ധനകൂടി ഉൾപ്പെടുത്തണം. കേരള വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഓവർസീയർ, പമ്പ് ഓപ്പറേറ്റർ എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്താൻ അടിയന്തരമായി നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): വക്കം-അഞ്ചുതെങ്ങ് തീരദേശ കുടിവെള്ളപദ്ധതിയിലെ ശുദ്ധജലവിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് മറ്റ് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. വർക്കലയിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ആവശ്യമായ സ്ഥലങ്ങളിൽ വാൽവുകൾ സ്ഥാപിച്ചും ജലവിതരണം നിയന്ത്രിച്ചും കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിച്ചും പൈപ്പുലൈനിലെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്തുതീർത്തും ശുദ്ധജല വിതരണം നടത്താറുണ്ട്. കൊച്ചുവേളി, ശംഖുമുഖം, വലിയതുറ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം JBIC, JNNURM പദ്ധതികൾ പൂർത്തിയാകുന്നതോടെ ഭാഗികമായി പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വിഴിഞ്ഞം, പൂവാർ, തിരുപുറം തീരപ്രദേശങ്ങളിലേക്ക് പൈപ്പുകൾ നീട്ടിയും വാൽവ് കൺട്രോൾ ചെയതും ജലവിതരണം നടത്തുന്നതാണ്. നെയ്യാറിൽ തിരുപുറത്ത് പമ്പുഹൗസും ഗ്യാലറിയും സ്ഥാപിച്ചും പരണിയത്ത് ടാങ്കും പ്ലാന്റും നിർമ്മിച്ചും തീരപ്രദേശങ്ങളിലേക്ക് മാത്രമായി ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നതാണ്. വിഴിഞ്ഞത്തെ ശുദ്ധജലവിതരണം മെച്ചപ്പെടുത്തുന്നതിനായി

പ്രഷർ ഫിൽറ്റർ സ്ഥാപിക്കുന്ന നടപടി 2012 ജനുവരിയോടെ പൂർത്തിയാകുന്നതാണ്. കോവളം, വിഴിഞ്ഞം ടൂറിസം ഏരിയയിൽ ശുദ്ധജലവിതരണത്തിന് 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കല്ലിയൂർ, വിഴിഞ്ഞം, വെങ്ങാനൂർ പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം മെച്ചപ്പെടുത്താൻ 40 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഓവർസീയർ, പമ്പ് ഓപ്പറേറ്റർമാർ തുടങ്ങിയ തസ്തികകളിൽ അടിയന്തരമായി നിയമനം നടത്താനാവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

## (2) തൊഴിൽ-സാങ്കേതിക പരിശീലന കേന്ദ്രങ്ങൾ

ശ്രീ. ഹൈബി ഈഡൻ: കേരളത്തിലുടനീളം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന തൊഴിൽ പരിശീലന കേന്ദ്രങ്ങൾക്ക് ലൈസൻസ് നിർബന്ധമാക്കണം. ഏറ്റവും എളുപ്പത്തിൽ ജോലി ലഭിക്കുമെന്ന് പരസ്യങ്ങളിലൂടെ വിദ്യാർത്ഥികളെയും രക്ഷകർത്താക്കളെയും തെറ്റിദ്ധരിപ്പിച്ച് തൊഴിൽ പരിശീലന കോഴ്സുകളിലേക്ക് ആകർഷിപ്പിച്ച് സ്ഥാപനങ്ങളിൽ അഡ്മിഷൻ നൽകിയശേഷം കോഴ്സിന് അംഗീകാരമില്ലെന്ന് മനസ്സിലാക്കി തിരികെ പോകുന്നവർക്ക് മുഴുവൻ ഫീസും അടച്ചാൽ മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ എന്ന സ്ഥിതിയാണുള്ളത്. 90 ശതമാനം കോഴ്സുകളും സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ അംഗീകാരം ഇല്ലാതെയാണ് നടത്തുന്നത്. സിഡ്ക്കോയുടെ കീഴിൽ 26 ഇൻസ്റ്റിറ്റ്യൂഷൻസുള്ളതിൽ 13 എണ്ണമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. സ്വന്തമായി കോഴ്സ്, പരീക്ഷ, വാല്യൂവേഷൻ എന്നിവ നടത്തി സർട്ടിഫിക്കറ്റ് കൊടുക്കുന്ന ധാരാളം സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. വെബ്സൈറ്റിൽ

അംഗീകൃത സ്ഥാപനങ്ങളുടെ വിവരം നൽകി അവയെമാത്രം പ്രവർത്തിക്കാൻ അനുവദിക്കണം. അടിസ്ഥാന സൗകര്യങ്ങളൊന്നുമില്ലാത്ത ഹോസ്റ്റലുകളിൽ കുട്ടികളെ പാർപ്പിച്ചിരിക്കുന്നതിനെതിരെ നടപടി സ്വീകരിക്കണം. ഇതുസംബന്ധിച്ച കേസുകളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : കുറഞ്ഞത് മൂന്നുവർഷത്തെ ഫയർ ആന്റ് സേഫ്ടി കോഴ്സ് പഠിച്ച് യോഗ്യത നേടിയവരെയാണ് കമ്പനികളിൽ നിയോഗിക്കുന്നത്. ഒരു വർഷത്തെ കോഴ്സ് എന്ന് പറഞ്ഞ് പത്രമാധ്യമങ്ങളിൽ പരസ്യം കൊടുത്ത് ലക്ഷക്കണക്കിന് രൂപ പിരിച്ചെടുക്കുന്ന സ്ഥാപനങ്ങളെക്കുറിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ഉടൻതന്നെ പരിശോധന നടത്തുകയും കൂടുതൽ അന്വേഷണം ആവശ്യമുള്ള കേസ്സുകൾ ഡി.ജി.പി.ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. എസ്.ഇ.വി.റ്റി.യുമായി ചർച്ച ചെയ്ത് ഇക്കാര്യത്തിൽ ഒരു റെഗുലേഷൻ കൊണ്ടുവരാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നവർ നിർബന്ധമായും എസ്.ഇ.വി.റ്റി.-യിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഒരു ഇന്റിപെൻഡന്റ് മോണിട്ടറിംഗ് കമ്മിറ്റി മുഖാന്തിരം ഇത്തരം സ്ഥാപനങ്ങളുടെ സ്റ്റാന്റേർഡ് പരിശോധിക്കാൻ സംവിധാനം ഉണ്ടാകണം. എസ്.ഇ.വി.റ്റി. ട്രേഡുകളുടെ അഫിലിയേഷൻ സംബന്ധിച്ചും ഈ രംഗത്തെ ചൂഷണം അവസാനിപ്പിക്കുന്നതിനുമായി നിയമനിർമ്മാണം നടത്തുന്നതിന് ഒരു ഡ്രാഫ്റ്റ് ബിൽ തയ്യാറായിക്കഴിഞ്ഞിട്ടുണ്ട്.

**സബ്മിഷൻ**

**വിമാനയാത്രക്കൂലി**

ശ്രീ. കെ.എൻ.എ. ഖാദർ: വിദേശ രാജ്യങ്ങളിലേക്കുള്ള വിമാന യാത്രാക്കൂലി കുറയ്ക്കുന്നതിനും യാതൊരു മാനദണ്ഡവും പാലിക്കാതെ അടിക്കടി യാത്രാനിരക്ക് വർദ്ധിപ്പിക്കുന്ന എയർ ഇൻഡ്യ അടക്കമുള്ള വിമാനക്കമ്പനികളെ നിയന്ത്രിക്കുന്നതിനും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): എയർ ഇന്ത്യ ഉൾപ്പെടെയുള്ള എല്ലാ വിമാന കമ്പനികളും യാത്രാക്കൂലിയുടെ കാര്യത്തിൽ മുൻകാലങ്ങളിൽ സീസൺ സമയത്ത് സാധാരണ നിരക്കും അല്ലാത്തപ്പോൾ വർദ്ധിച്ച നിരക്കും ഈടാക്കുന്ന സമ്പ്രദായമാണ് സ്വീകരിച്ചിരുന്നതെങ്കിൽ ഇപ്പോൾ ഇഷ്ടംപോലെ ചാർജ് വർദ്ധിപ്പിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ശക്തമായി ആവശ്യപ്പെടുന്നതാണ്.

**പ്രത്യേക പരാമർശം**

**ഡി.ജി.പി.യുടെ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതുസംബന്ധിച്ച്**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോഴിക്കോട് വെടിവെയ്പ് സംബന്ധിച്ച ഡി.ജി.പി.യുടെ റിപ്പോർട്ട് ലഭിച്ചുവെന്ന് പറഞ്ഞിരുന്നുവെങ്കിലും റിപ്പോർട്ടിലെ വിശദാംശങ്ങൾ വെളിപ്പെടുത്തിയിരുന്നില്ല. എന്നാൽ ഡി.ജി.പി.യുടെ റിപ്പോർട്ടിൽ ഉണ്ടെന്നു പറഞ്ഞുകൊണ്ട് മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നുതന്നെ എല്ലാ പത്രങ്ങൾക്കും ടി. വി. ചാനലുകൾക്കും വാർത്ത ചോർത്തിക്കൊടുക്കുകയും വെടിവെയ്പിനെ ന്യായീകരിച്ചുകൊണ്ടുള്ള റിപ്പോർട്ടാണെന്നവിധത്തിൽ

എല്ലാ പത്രങ്ങളിലും വാർത്തകൾ വരുകയും ചെയ്തിരിക്കുന്നു. ഇത് നിയമ സഭയോടുള്ള അവഹേളനമാണ്. ഡി.ജി.പി.യുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടെങ്കിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും അതിന്റെ പേരിൽ സ്വീകരിക്കാൻ പോകുന്ന നടപടികളെക്കുറിച്ച് വ്യക്തമാക്കുകയും വേണം. ഡി.ജി.പി.യുടെ റിപ്പോർട്ട് സഭയിൽ വയ്ക്കാതെ പുറത്ത് ചർച്ചയ്ക്ക് വിധേയമാക്കുന്നത് സഭയോടുള്ള അനാദരവാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുന്നതോടൊപ്പം വിദ്യാർത്ഥികളുടെ നേർക്ക് വെടിവച്ച പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യുകയും വേണം.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻചാണ്ടി):</u> ഡി.ജി.പി.യുടെ റിപ്പോർട്ട് പരിശോധിച്ച ശേഷമാണ് പോലീസ് അല്ലാത്ത ഒരു ഉയർന്ന ഉദ്യോഗസ്ഥനെക്കൊണ്ടുകൂടി അന്വേഷിപ്പിക്കണമെന്ന നിഗമനത്തിലെത്തിയത്. ഇന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്ത പല കാര്യങ്ങളും ശരിയല്ല. മാധ്യമങ്ങളിൽ വരുന്ന എല്ലാ വാർത്തകളുടേയും ഉത്തരവാദിത്വം ഗവൺമെന്റിന് ഏറ്റെടുക്കുവാൻ കഴിയില്ല. അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ജയകുമാറിനോട് കോഴിക്കോട് പോയി അന്വേഷിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അദ്ദേഹം ഇന്ന് ശബരിമലയിൽ ഒരു മീറ്റിംഗിനു പോയിരിക്കുന്നതിനാൽ തിങ്കളാഴ്ചതന്നെ അവിടെ പോയി കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതാണ്.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): ഒരു റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കുന്നതിന് ചില നടപടിക്രമങ്ങളുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഒരു റിപ്പോർട്ടുപോലും മേശപ്പുറത്ത് വച്ചിട്ടില്ല. അങ്ങനെയൊരു പ്രീസിഡന്റ് ഇല്ല. ഒരു നിലയിലും ആ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കാനുള്ള വ്യവസ്ഥകളില്ല .

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനു മുന്നിൽവന്ന് മുദ്രാവാക്യം വിളിക്കുകയും ശ്രീ. ടി.വി. രാജേഷ്, ശ്രീ. ജെയിംസ് മാത്യു എന്നീ അംഗങ്ങൾ വാച്ച് ആന്റ് വാർഡിന്റെ നിര ഭേദിച്ച് സ്പീക്കറുടെ ഡയസ്സിലേക്ക് തള്ളിക്കയറാൻ ശ്രമിക്കുകയും ചെയ്ത് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അജണ്ട പ്രകാരമുള്ള അടുത്ത നടപടിയിലേക്ക് കടന്നു.)

**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

**1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് പരിഗണന**

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**2) സാമാന്യമായി പൊതുതാല്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ**

**(1) പൗരസ്ത്യ ഭാഷാ സർവ്വകലാശാല സ്ഥാപിക്കണമെന്ന ആവശ്യം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: "വിവിധ വിദേശ രാഷ്ട്രങ്ങളിലായി ദശലക്ഷക്കണക്കിന് കേരളീയർ ഇപ്പോൾ ജോലി ചെയ്തുവരികയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക വരുമാനത്തിൽ മുഖ്യസ്രോതസ്സുകളിലൊന്ന് ഇവർ നേടിത്തരുന്ന വിദേശ പണമാണ്. അവിദഗ്ദ്ധർക്ക് അവസരങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വിദേശ രാജ്യങ്ങളിൽ വിദഗ്ദ്ധരായവർക്ക് ഇപ്പോൾ അവസരങ്ങൾ ഏറെയുണ്ട്. കേരളത്തിൽ അഭ്യസ്തവിദ്യരേറെയുണ്ടെങ്കിലും വിദേശഭാഷകൾ അനായാസമായി കൈകാര്യം ചെയ്യുവാൻ കഴിയാതെ വരുന്നത് ഇവർക്കുള്ള മികച്ച അവസരങ്ങൾ നഷ്ടപ്പെടുത്തുകയാണ്. തൊഴിൽ സാധ്യതയോടൊപ്പം തന്നെ സംസ്ക്കാര

ങ്ങളുടെ വിനിമയ മാധ്യമമായ ഭാഷകൾക്ക് പ്രത്യേകമായ പഠന സൗകര്യമോ ഗവേഷണ സൗകര്യങ്ങളോ ഇന്ന് കേരളത്തിൽ പരിമിതമാണ്. ഈ സാഹചര്യത്തിൽ, മനുഷ്യവിഭവശേഷിയുടെ ക്രിയാത്മകമായ വളർച്ച ത്വരിതപ്പെടുത്തുവാനും അന്തർ ദേശീയ രംഗത്ത് മത്സരിക്കുവാനുമുതകുന്ന വിധം പുതിയ തലമുറയെ സജ്ജമാക്കാനും ഹൈദ്രാബാദിലെ ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാഗ്വേജസ് യൂണിവേഴ്സിറ്റി (EFLU) മാതൃകയിൽ ഇംഗ്ലീഷ്, അറബി ഉൾപ്പെടെയുള്ള വിദേശ ഭാഷകൾക്കായി ഒരു പൗരസ്ത്യ ഭാഷാ സർവ്വകലാശാല സംസ്ഥാനത്ത് സ്ഥാപിക്കണമെന്ന് ഈ സഭ സർക്കാരിനോട് ആവശ്യപ്പെടുന്നു." എന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി.എൻ. പ്രതാപൻ:</u> പ്രമേയത്തെ പിൻതാങ്ങുന്നു.

<u>ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി:</u> പ്രമേയത്തെ പിന്താങ്ങുന്നു. ഭാഷകളുടെ പ്രാധാന്യം സംസ്കാരത്തിന്റെ പ്രാധാന്യമാണ്. അറബി അടക്കമുള്ള ഭാഷകൾക്കായി ഒരു പൗരസ്ത്യ സർവ്വകലാശാല സ്ഥാപിച്ചാൽ വിദേശത്ത് ജോലിചെയ്യുന്ന ലക്ഷക്കണക്കിന് മലയാളികളുടെ തൊഴിലിനെ പരിപോഷിപ്പിക്കുകയും സാംസ്കാരികമായ പൈതൃകത്തെ ധന്യമാക്കുകയും ചെയ്യും.

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. അബ്ദു റബ്ബ്)</u>: ഹൈദ്രാബാദിലെ ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റിയുടെ വൈസ്ചാൻസിലർ ഇംഗ്ലീഷ്, അറബി അടക്കമുള്ള ഭാഷകളുടെ പഠനം നടത്തുന്നതിനുള്ള ഒരു കാമ്പസ് കേരളത്തിൽ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കൈമാറ്റം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരി

നോട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ഭൂമിയിലെ താമസക്കാരായ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ അഭിപ്രായം പരിഗണിച്ച് അനുയോജ്യ മായ മറ്റൊരു സ്ഥലം കണ്ടെത്താൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രമേയം സഭ അംഗീകരിച്ചു.

(നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ അനൗദ്യോഗിക പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല)

(2) <u>മൂവാറ്റുപുഴ കേന്ദ്രമാക്കി പുതിയ ജില്ല രൂപീകരിക്കണമെന്ന ആവശ്യം</u>

<u>ശ്രീ. ജോസഫ് വാഴക്കൻ:</u> "സംസ്ഥാനത്ത് ജനസംഖ്യയുടെ കാര്യത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന എറണാകുളം ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളായ കോതമംഗലം, മൂവാറ്റുപുഴ താലൂക്കുകളും കുന്നത്തുനാട് താലൂക്കിലെ ചില വില്ലേജുകളും പിറവം, കൂത്താട്ടുകുളം, പെരുമ്പാവൂർ എന്നീ പ്രദേശങ്ങളും ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ മിക്ക വില്ലേജുകളും കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിലെ ചില വില്ലേജുകളും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ജില്ലയ്ക്ക് രൂപം നൽകേണ്ടത് വളരെ അത്യാവശ്യമായിരിക്കുകയാണ്. ആയതിനാൽ, ഇടുക്കി മലയോര മേഖലയ്ക്കും കൊച്ചി കടൽ-കായലോരങ്ങളിലെ നഗര സമൃദ്ധിക്കും മദ്ധ്യേ സ്ഥിതി ചെയ്യുന്ന, പൂർണ്ണമായും കാർഷിക പ്രാധാന്യമുള്ള ഭൂപ്രദേശങ്ങൾ ഉൾപ്പെടുത്തി, പുരാതന നഗരമായ മൂവാറ്റുപുഴ കേന്ദ്രമാക്കി ഒരു ജില്ല രൂപീക രിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് ആവശ്യപ്പെടുന്നു." എന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി.എൻ. പ്രതാപൻ:</u> പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. ജോസഫ് വാഴക്കൻ:</u> മൂവാറ്റുപുഴ കേന്ദ്രീകരിച്ച് ഒരു ജില്ല വേണമെന്ന പതിറ്റാണ്ടുകളുടെ ആവശ്യത്തിന് ഇന്ന് ഏറെ പ്രസക്തിയുണ്ട്. എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ, കോതമംഗലം താലൂക്കുകളും കുന്നത്തുനാട് താലൂക്കിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കും ദേവികുളം താലൂക്കിലെ ചില വില്ലേജുകളും കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിലെ ചില വില്ലേജുകളും ഉൾപ്പെടുത്തിക്കൊണ്ട് മൂവാറ്റുപുഴ ജില്ലക്ക് രൂപം നൽകണം. സഭ ഏകകണ്ഠമായി പ്രമേയം അംഗീകരിക്കണം

<u>ശ്രീ. വി.പി. സജീന്ദ്രൻ:</u> പ്രമേയത്തെ പിന്താങ്ങുന്നു. മൂവാറ്റുപുഴ പ്രദേശത്തെ ജനങ്ങളുടെ ചിരകാലാഭിലാഷമായ മൂവാറ്റുപുഴ ജില്ല യാഥാർത്ഥ്യമാക്കുവാൻ സത്വര നടപടി സ്വീകരിക്കണം.

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):</u> മൂവാറ്റുപുഴ ആസ്ഥാനമായി ഒരു ജില്ല രൂപീകരിക്കണമെന്നത് വിവിധ സംഘടനകളും ജനപ്രതിനിധികളും വർഷങ്ങളായി ഉന്നയിക്കുന്ന ഒരാവശ്യമാണ്. ഡോ. ഡി. ബാബു പോൾ അദ്ധ്യക്ഷനായ കമ്മിറ്റിയുടെ 02-01-1996-ലെ പഠന റിപ്പോർട്ടിൽ പുതുതായി ഒരു ജില്ലയും 11 റവന്യൂ ഡിവിഷനും 34 താലൂക്കുകളും രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും താലൂക്കുകളും വില്ലേജുകളും രൂപീകരിക്കണമെന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. പ്രസ്തുത ആവശ്യങ്ങൾ

പരിശോധിക്കുന്നതിന് ഒരു കമ്മീഷനെ നിയോഗിച്ച് പഠന റിപ്പോർട്ട് ലഭ്യമായതിനുശേഷം ഇക്കാര്യം പരിഗണിക്കുന്നതാണ്.

പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സഭ 10.56-ന് പിരിഞ്ഞു.

*************